അധ്യായം 98

## അൽബയ്യിന (വ്യക്തമായ തെളിവ്)

അവതരണം മദീനയിൽ, സൂക്തങ്ങൾ 8

**അദ്ധ്യായ പരിചയം:**

ഏകദൈവത്തിലുള്ള വിശ്വാസം അടിസ്ഥാനമാക്കി മനുഷ്യൻ രണ്ട് വിഭാഗമാണ്. വിശ്വസിച്ചവരും നിഷേധികളും. വിശ്വാസത്തിന് മാനദണ്ഡം ദൈവത്തിൽനിന്നുള്ള മാർഗദർശനവുമായി പ്രവാചകന്മാർ മനുഷ്യരിൽ ആഗതമാവുകയും അവരെ ദൈവികസന്മാർഗത്തിലേക്ക് ക്ഷണിക്കലുമാകുന്നു.

അതോടൊപ്പം വേദവിശ്വാസികൾ (പൂർവപ്രവാചകന്മാർ കൊണ്ടുവന്ന ഏതെങ്കിലും വേദത്തിൽ വിശ്വസിച്ചവർ) വഴിതെറ്റാനിടയായത് അല്ലാഹുവിൻെറ പ്രവാചകന്മാർ അവർക്ക് സത്യപ്രമാണങ്ങൾ നല്കിയതിനു ശേഷമാണെന്നും അല്ലാതെ അല്ലാഹു അവർക്ക് സന്മാർഗ ദൃഷ്ടാന്തങ്ങൾ വിശദീകരിച്ചുകൊടുക്കുവാൻ ഏർപ്പാടു ചെയ്യാത്തതിനാലല്ല എന്നും ഈ അദ്ധ്യായം വ്യക്തമാക്കുന്നു.

വേദങ്ങളിൽ ഭേദഗതികൾ വരുത്തുകയും ഒരു പ്രവാചകനെയോ വേദത്തെയോ അംഗീകരിക്കുകയും ചെയ്യാത്ത ബഹുദൈവവിശ്വാസികളോടും വേദവിശ്വാസികളിലെ സത്യനിഷേധികളോടും തങ്ങളുടെ പരിണതി എത്രമാത്രം ദുർഭഗമായിരിക്കുമെന്ന മുന്നറിയിപ്പും ഈ അദ്ധ്യായം നല്കുന്നു.

بِسْمِ ٱللَّهِ ٱلرَّحْمَـٰنِ ٱلرَّحِيمِ

لَمْ يَكُنِ ٱلَّذِينَ كَفَرُوا۟ مِنْ أَهْلِ ٱلْكِتَـٰبِ وَٱلْمُشْرِكِينَ مُنفَكِّينَ
حَتَّىٰ تَأْتِيَهُمُ ٱلْبَيِّنَةُ ﴿١﴾ رَسُولٌ مِّنَ ٱللَّهِ يَتْلُوا۟ صُحُفًا مُّطَهَّرَةً ﴿٢﴾
فِيهَا كُتُبٌ قَيِّمَةٌ ﴿٣﴾ وَمَا تَفَرَّقَ ٱلَّذِينَ أُوتُوا۟ ٱلْكِتَـٰبَ إِلَّا مِنۢ بَعْدِ مَا
جَآءَتْهُمُ ٱلْبَيِّنَةُ ﴿٤﴾ وَمَآ أُمِرُوٓا۟ إِلَّا لِيَعْبُدُوا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ
حُنَفَآءَ وَيُقِيمُوا۟ ٱلصَّلَوٰةَ وَيُؤْتُوا۟ ٱلزَّكَوٰةَ ۚ وَذَٰلِكَ دِينُ ٱلْقَيِّمَةِ ﴿٥﴾
إِنَّ ٱلَّذِينَ كَفَرُوا۟ مِنْ أَهْلِ ٱلْكِتَـٰبِ وَٱلْمُشْرِكِينَ فِى نَارِ جَهَنَّمَ خَـٰلِدِينَ
فِيهَآ ۚ أُو۟لَـٰٓئِكَ هُمْ شَرُّ ٱلْبَرِيَّةِ ﴿٦﴾ إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ
أُو۟لَـٰٓئِكَ هُمْ خَيْرُ ٱلْبَرِيَّةِ ﴿٧﴾ جَزَآؤُهُمْ عِندَ رَبِّهِمْ جَنَّـٰتُ عَدْنٍ تَجْرِى
مِن تَحْتِهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَآ أَبَدًا ۖ رَّضِىَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ ۚ ذَٰلِكَ
لِمَنْ خَشِىَ رَبَّهُۥ ﴿٨﴾

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. വേദക്കാരിലും ബഹുദൈവ വിശ്വാസികളിലും പെട്ട സത്യനിഷേധികൾ, വ്യക്തമായ തെളിവ് അവർക്ക് വന്നെത്തും വരെ തങ്ങളുടെ മാർഗത്തിൽ നിന്ന് വിരമിക്കുന്നവരായിരുന്നില്ല.
2. അല്ലാഹുവിൽ നിന്നുള്ള ദൂതൻ പവിത്രമായ ഏടുകൾ വായിച്ചു കേൾപ്പിക്കുന്നു.
3. അതിൽ ചൊവ്വായ പ്രമാണങ്ങളുണ്ട്.
4. വേദം നൽകപ്പെട്ടവർ അവർക്ക് വ്യക്തമായ തെളിവ് വന്നെത്തിയ ശേഷമല്ലാതെ ഭിന്നിച്ചിട്ടില്ല.
5. നിഷ്കളങ്കമായി വഴക്കം അല്ലാഹുവിനു മാത്രമാക്കുവാനും നമസ്കാരം നിഷ്ഠയോടെ നിർവ്വഹിക്കുവാനും സകാത് നൽകുവാനുമല്ലാതെ അവർ ആജ്ഞാപിക്കപ്പെട്ടിരുന്നില്ല. അതാണ് ചൊവ്വായ ദീൻ.
6. തീർച്ചയായും വേദക്കാരിലും ബഹുദൈവവിശ്വാസികളിലും പെട്ട സത്യനിഷേധികൾ നരകത്തീയിലാണ്. അവരതിൽ സ്ഥിരവാസികളായിരിക്കും. അവരാണ് സൃഷ്ടികളിലേറ്റം ദുഷിച്ചവർ.
7. തീർച്ചയായും സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോ, അവരാണ് സൃഷ്ടികളിലേറ്റം ശ്രേഷ്ഠർ.
8. അവരുടെ രക്ഷിതാവിങ്കൽ അവർക്ക് പ്രതിഫലമുണ്ട്; താഴ്ഭാഗത്തൂടെ ആറുകളൊഴുകുന്ന സ്വർഗീയ തോപ്പുകൾ. അവരതിൽ നിത്യവാസികളായിരിക്കും. അല്ലാഹു അവരെ കുറിച്ച് തൃപ്തനായിരിക്കും. അവർ അവനെക്കുറിച്ചും സംതൃപ്തരായിരിക്കും. ഇതെല്ലാം തൻെറ നാഥനെ ഭയപ്പെടുന്നവർക്കുള്ളതാണ്.

## വിശദീകരണം

അഹ്‌ലുൽ കിതാബ്, മുശ്‌രിക്ക് എന്നീ രണ്ട് പ്രത്യേക നാമം ഇവിടെ പ്രയോഗിച്ചിട്ടുണ്ട്. അഹ്‌ലുൽ കിതാബ് കൊണ്ട് ഉദ്ദേശിക്കുന്നത് വേദവിശ്വാസികളെയാണ്. അതായത്, പൂർവ പ്രവാചകന്മാർ കൊണ്ടുവന്ന വേദഗ്രന്ഥങ്ങളിൽ ഏതെങ്കിലും ഒന്ന് കൈവശം കൊണ്ടു നടക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്യുന്നവരാണ്. (എന്നാൽ പ്രസ്തുത ഗ്രന്ഥങ്ങളിൽ ഒന്നും ഇന്ന് യഥാർഥ നിലയിൽ നിലവിലില്ല)

മുശ്‌രിക്ക് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ബഹുദൈവവിശ്വാസികളെയാണ്. ഏകദൈവവിശ്വാസത്തെ തള്ളിക്കളയുകയും അതിനനുസരിച്ച ജീവിതവ്യവസ്ഥയെ നിഷേധിക്കുകയും ചെയ്യുന്നവരാണവർ. തങ്ങൾക്ക് സൗകര്യം എന്നു തോന്നിയ ഒരു ദൈവത്തിലോ ഏതെങ്കിലും ദൈവങ്ങളിലോ വ്യവസ്ഥയിലോ ആയിരിക്കും അവർ വിശ്വസിക്കുന്നത്. വേദവാഹകരും ബഹുദൈവവിശ്വാസികളുമായ "സത്യനിഷേധികൾ" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇതത്രെ: അവരിൽ ചിലർ അല്ലാഹുവിൻെറ അസ്തിത്വത്തിൽ തന്നെ വിശ്വസിക്കുന്നില്ല. അവർ യഥാർഥ സത്യനിഷേധികളാണ്. ചിലർ അല്ലാഹുവിനെ അംഗീകരിച്ചിരുന്നെങ്കിലും അവനെ ഒരേയൊരു ആരാധ്യനായി അംഗീകരിച്ചിരുന്നില്ല. അവനോടൊപ്പം ഏതെങ്കിലും ശക്തിയെ കൂടി ദൈവമായി അംഗീകരിക്കുകയും അവർക്ക് ആരാധനകളർപ്പിക്കുകയും ചെയ്തിരുന്നു. അതോടൊപ്പം ചിലർ പ്രവാചകനെ വിശ്വസിച്ചിരുന്നില്ല. ഇതൊക്കെ സത്യനിഷേധം തന്നെയാണ്.

അവരെ തങ്ങളുടെ സത്യനിഷേധത്തിൽനിന്ന് വിമോചിപ്പിക്കാനുള്ള രീതിയത്രെ അവരുടെ മുമ്പിൽ സന്മാർഗം തെളിച്ചുകാണിക്കുകയെന്നത്. അതുവരെ അവർ തങ്ങളുടെ സത്യനിഷേധത്തിൽതന്നെ ചലിച്ചുകൊണ്ടിരിക്കും. എന്നാൽ സന്മാർഗദർശനം അവർക്ക് വന്നെത്തിയിട്ടും സത്യനിഷേധത്തിൽ തന്നെ തുടരുന്നതിൻെറ ഉത്തരവാദിത്തം അവർക്കു തന്നെയായിരിക്കും.

ഇപ്പോഴിതാ അവരുടെ ഇടയിലേക്ക് ഒരു പ്രവാചകൻ ആഗതനായിരിക്കുന്നു. അദ്ദേഹം ദൈവദൂതനാണോ എന്ന സംശയത്തിനിടയില്ലാത്ത വിധം അദ്ദേഹത്തിൻെറ സത്യസന്ധമായ ജീവിതം അവർ നോക്കിക്കാണുന്നുണ്ട്. അദ്ദേഹം ദൈവിക വചനങ്ങൾ ആലേഖനം ചെയ്യപ്പെട്ട ഒരു കലർപ്പുമില്ലാത്ത പവിത്രമായ ഏടുകൾ ജനത്തിന് ഓതിക്കേൾപ്പിക്കുന്നു. ജീവിതമൂല്യങ്ങളെ പറ്റി അവരെ ഉപദേശിക്കുന്നു. അതിൻെറ പേരിലുള്ള എല്ലാ എതിർപ്പുകളെയും സുധീരം നേരിടുന്നു.

എന്നാൽ വേദക്കാരെ സംബന്ധിച്ചിടത്തോളം അവർ ഈ ദൂതൻെറ ആഗമനത്തിനും അദ്ദേഹം കൊണ്ടുവന്ന വേദഗ്രന്ഥത്തിൻെറ അവതരണത്തിനും ശേഷമാണ് ദുർമാർഗത്തിലേക്ക് വ്യതിചലിച്ചത്. എന്നാൽ സത്യാസത്യവിവേചകമായി അവരിലേക്ക് ഈ ദൂതനെയും -മുഹമ്മദ്നബി(സ)- അദ്ദേഹം മുഖേന വേദഗ്രന്ഥത്തെയും -ഖുർആൻ- അവതരിപ്പിച്ചതോടു

കൂടി അല്ലാഹു അവരുടെ മേൽ തൻെറ ന്യായം സ്ഥാപിക്കുകയാണ് ചെയ്തത്. തുടർന്നുള്ള മാർഗഭ്രംശത്തിൻെറ ഉത്തരവാദികൾ അവർ തന്നെയായിരിക്കും.

ഇപ്പോൾ അവരിലേക്ക് ആഗതനായ ഈ ദൈവദൂതൻ കൊണ്ടുവന്ന അധ്യാപനങ്ങളും വേദവാഹകരിലേക്ക് ആഗതരായിരുന്ന പ്രവാചകന്മാർ കൊണ്ടുവന്ന അധ്യാപനങ്ങളും ഫലത്തിൽ ഒന്നുതന്നെയാണ്. അതുതന്നെയാണ് എല്ലാ കാലത്തും നിലനിൽക്കുക. അതുമാത്രമായിരിക്കും ഏകദൈവത്തിൻെറ ഒരേയൊരു വ്യവസ്ഥ. അതിൻെറ സാരാംശം ഇതത്രെ: എല്ലാ സാങ്കല്പിക ദൈവങ്ങളെയും തള്ളിക്കളഞ്ഞ് യഥാർഥ ഏകദൈവത്തെ അംഗീകരിക്കുകയും അവന് ആരാധനകളർപ്പിച്ചു അവൻെറ ആജ്ഞാനുവർത്തികളാവുകയും ചെയ്യുക. അതിൻെറ ഉന്നതരൂപങ്ങളായ നമസ്കാരം, സകാത്ത് എന്നിവ യഥാവിധം നിർവഹിക്കുക. ഇതത്രെ ദൈവികമായ യഥാർഥ അധ്യാപനങ്ങളുടെ എക്കാലത്തെയും സ്വഭാവം.

എന്നാൽ ഈ സ്പഷ്ടമായ അധ്യാപനങ്ങൾ വന്നെത്തിയിട്ടും വേദക്കാരും ബഹുദൈവാരാധകരുമായ പലരും അത് കളവാക്കി. പ്രവാചകനെ തള്ളിപ്പറഞ്ഞു. ഇതുതന്നെയാണ് സത്യനിഷേധം. അതിനാൽ അത്തരം സത്യനിഷേധികളുടെ സങ്കേതം നരകമാണ്. അവരതിൽ നിത്യവാസികളുമായിരിക്കും. തങ്ങളുടെ ദുഷിച്ച ജീവിതം കാരണം ഏകദൈവത്തിൻെറ സൃഷ്ടികളിൽ അവരാണ് ഏറ്റവും നികൃഷ്ടർ. കാരണം, ദൈവികമാർഗദർശനത്തെ സംബന്ധിച്ച് ചിന്തിക്കുവാൻ അവർ ഒരിക്കലും തങ്ങളുടെ ബുദ്ധി ഉപയോഗിക്കുന്നില്ല. പകരം, ഭൗതിക നേട്ടങ്ങളാണവരുടെ ചിന്തയും തേട്ടവും.

തങ്ങളിൽ ആഗതനായ പ്രവാചകനെ വിശ്വസിക്കുകയും അദ്ദേഹത്തിൻെറ അധ്യാപനങ്ങളനുസരിച്ച് ജീവിക്കുകയും ചെയ്ത ഏകദൈവവിശ്വാസികൾ, അവരാണ് സൃഷ്ടികളിൽ ഏറ്റം ശ്രേഷ്ഠർ. കാരണം, തിരഞ്ഞെടുപ്പവകാശം ഉണ്ടായിട്ടും തങ്ങളുടെ ബുദ്ധി ഉപയോഗിച്ച് സത്യത്തെ കണ്ടെത്തിയവരാണവർ. തികഞ്ഞ ദൈവഭക്തരുമാണവർ. ദൈവത്തിൻെറ ശിക്ഷാനടപടികളെക്കുറിച്ച് ഭയപ്പെടുന്നവരാണവർ. അത്തരം ദൈവഭക്തന്മാർക്കുള്ള പ്രതിഫലമത്രെ നിത്യാനന്ദ സ്വർഗം. അവരതിൽ എന്നെന്നും വസിക്കുന്നവരായിരിക്കും.